**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6141** | **07.07.2014 ൽ മറുപടിയ്ക്ക്** |
| **നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി അംഗൻവാടികളുടെ നിർമ്മാണം** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. പി. ഉബൈദുള്ള** | **ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |
| (എ) നബാർഡ് (ആർ.ഐ.ഡി.എഫ്) പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എത്ര അംഗൻവാടികൾക്കാണ് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നത്; | (എ) നബാർഡ് (ആർ.ഐ.ഡി.എഫ്) പദ്ധതി പ്രകാരം 506 അംഗൻവാടികൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ആദ്യ ഘട്ടമെന്ന നിലയിൽ 376 അംഗൻവാടികളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഓരോ അംഗൻവാടിക്കും എന്തു തുകയാണ് ചെലവഴിക്കുന്നത്; പദ്ധതി പ്രകാരം ഏർപ്പെടുത്തുന്ന സൗകര്യങ്ങൾ എന്തെല്ലാം; വിശദാംശം നൽകുമോ; | (ബി) നബാർഡ് (ആർ.ഐ.ഡി.എഫ്) പദ്ധതി പ്രകാരം ഒരു അംഗൻവാടിയുടെ ആകെ നിർമ്മാണ ചെലവ് 8.10 ലക്ഷം രൂപയാണ്. ആയതിൽ 6.88 ലക്ഷം രൂപ നബാർഡിൽ നിന്നും വായ്പയായി ലഭിക്കുന്നതും 1.22 ലക്ഷം രൂപ ബന്ധപ്പെട്ട പഞ്ചായത്ത് വഹിക്കേണ്ടതുമാണ്. സ്വന്തമായി ഭൂമി ഉള്ളതും എന്നാൽ കെട്ടിടം ഇല്ലാത്തതുമായ അംഗൻവാടികൾക്കും നിലവിൽ കെട്ടിടമുള്ള അംഗൻവാടികൾക്ക് കെട്ടിടം പുതുക്കി പണിയുന്നതിനുമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) മലപ്പുറം മണ്ഡലത്തിൽ നിന്നും പ്രൊപ്പോസൽ ലഭിച്ച എത്ര അംഗൻവാടികൾ ആർ.ഐ.ഡി.എഫ് പദ്ധതിയിൽ നിർമ്മിച്ചു; ഓരോന്നിന്റെയും ഇപ്പോഴത്തെ സാഹചര്യങ്ങൾ വിശദമാക്കാമോ ;<br>(ഡി) ബാക്കിയുള്ള അംഗൻവാടികളുടെ നിർമ്മാണ പുരോഗതികൾ വിശദമാക്കുമോ ; | (സി) & (ഡി) മലപ്പുറം നിയോജകമണ്ഡലത്തിൽപ്പെട്ട മൊറയൂർ പഞ്ചായത്തിലെ 2 അംഗൻവാടികൾക്ക് നബാർഡ്-ആർ.ഐ.ഡി.എഫ് പദ്ധതി പ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള അനുമതി നൽകിയിട്ടുണ്ട്. ടി അംഗൻവാടി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) ഇനിയും ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി അംഗൻവാടികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ? | (ഇ) നിലവിൽ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**